**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4763** **20-07-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; | (എ) | കൊല്ലം നഗരപാത വികസന പദ്ധതിനടത്തിപ്പിനായി 365.34 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. മൂന്ന് കോറിഡോറുകളിലായി 23.76 കി.മീ. റോഡിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. പ്രാഥമിക സൈറ്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് സ്പെഷ്യൽ തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ വികസിപ്പിക്കുന്ന റോഡുകളുടെ നിലവിൽ ലഭ്യമായിട്ടുള്ള വീതി എത്രയാണ്; എത്ര മീറ്റർ വീതിയിലാണ് പ്രസ്തുത റോഡുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര ഭൂമി ഏറ്റെടുക്കണമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കൊല്ലം നഗര പാത വികസന പദ്ധതിയിൽ നിലവിൽ മൂന്ന് റോഡുകളാണ് ഉൾപ്പെട്ടിട്ടുള്ളത്.<br><br>(1) കോറിഡോർ - 1 (മേവറം - കാവനാട്, റോഡ്) നീളം - 13.15 കി.മീ.<br><br>നിലവിൽ ലഭ്യമായിട്ടുള്ള റോഡിന്റെ വീതി - 11.8 to 49.5 മീറ്റർ. വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന വീതി- 20.2 മീറ്റർ. പ്രസ്തുത റോഡ് 4 ലെയ്ൻ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ നിലവിലെ റയിൽവേ ഓവർബ്രിഡ്ജ് ഉള്ള ഭാഗത്ത് രണ്ട് ലെയ്ൻ മാത്രമായിരിക്കും<br><br>(2) കോറിഡോർ - 3 (റയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ) നീളം - 6.3 കി.മീ..<br><br>നിലവിൽ ലഭ്യമായിട്ടുള്ള റോഡ് വീതി 8.0 to 16.5 മീറ്റർ. വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന വീതി - 11.5 to 22.0 മീറ്റർ. പ്രസ്തുത റോഡ് 2 ലെയ്ൻ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>(3) കോറിഡോർ -7 (തിരുമുല്ലാവാരം - കല്ലുപാലം - കച്ചേരി ജംഗ്ഷൻ റോഡ്)<br><br>നീളം - 4.31 കി.മീ. നിലവിൽ ലഭ്യമായിട്ടുള്ള റോഡ് വീതി 6.5 to 15.0 മീറ്റർ. വികസിപ്പിക്കാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്ന വീതി - 11.5 മീറ്റർ. പ്രസ്തുത റോഡ് 2 ലെയ്ൻ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>പ്രസ്തുത മൂന്ന് റോഡുകൾക്കുമായി 8.341 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. |
| (സി) | ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദ വിവരം ലഭ്യമാക്കുമോ? | (സി) | ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പദ്ധതിയുടെ എൽ.എ ഓഫീസർ ആയി സ്പെഷ്യൽ തഹസിൽദാർ എൽ.എ - 2 - ന് ചുമതലനൽകിയിട്ടുണ്ട്. മേൽ റോഡുകളുടെ ഫീൽഡ് തല പ്രാരംഭ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കണ്ടിൻജൻസി ചാർജ് ഇനത്തിലേയ്ക്കായി അമ്പത് ലക്ഷം രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി ആരംഭിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ